ഫിൻ.ബി 1. 32193/16

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി : 12/16

ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ
~~ജില്ലാ പട്ടികജാതി വികസന ആഫീസർ,~~ [illegible]
ദക്ഷിണമേഖല ........ [illegible]

സർ,

വിഷയം :- പട്ടികജാതി വികസനം - ഓഡിറ്റ് റിപ്പോർട്ട് [illegible] ഗവ. ഐ.ടി.ഐ. മധുരവേലി, കോട്ടയം - 1.4.07 മുതൽ 31.3.12 വരെ - [illegible]

സൂചന :- Fin. D ഓഡിറ്റ് വിഭാഗം സമർപ്പിച്ച റിപ്പോർട്ട്

*****

സൂചന പ്രകാരമുള്ള പരിശോധനക്കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുകയും പരിശോധന കാലയളവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു ബാധ്യതയുണ്ടെങ്കിൽ ആയതു നിജപ്പെടുത്തുകയും വിവരം 15 ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

~~സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകേണ്ട~~ തിനാൽ ~~സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.~~ റിപ്പോർട്ട് കൈപ്പറ്റിയ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സീനിയർ ഫിനാൻസ് ഓഫീസർ

പകർപ്പ്: ട്രെയിനിംഗ് സൂപ്രണ്ട്
ഗവ. ഐ. ടി. ഐ.
മധുരവേലി, കോട്ടയം

R.K
20/12/16
JS

ഫിൻ-ബി1-32193/16 തീയതി: /2016.

## പരിശോധന റിപ്പോർട്ട്

## ഗവൺമെന്റ് ഐ.റ്റി.സി. മധുരവേലി, കോട്ടയം

| | | |
|---|---|---|
| പരിശോധനാ തീയതി | : | 16.08.2016 to 19.08.2016 |
| പരിശോധനാ കാലയളവ് | : | 01.04.2007 to 31.03.2012 |
| പരിശോധനാ വിഭാഗം | : | ഫിൻ.ഡി |
| സീനിയർ സൂപ്രണ്ട് | : | എൻ സുരേന്ദ്രൻ നായർ |
| സീനിയർ ക്ലാർക്ക് | : | സന്തോഷ് ശിവാനന്ദൻ |

**പരിശോധനാ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ**

| | | | |
|---|---|---|---|
| 1. | ശ്രീ.അരവിന്ദാക്ഷൻ.കെ.കെ (ട്രെയിനിംഗ് സൂപ്രണ്ട്) | : | 01.04.07 to 12.11.07 |
| 2. | ശ്രീ വിനോദ്. പി.പി (ട്രെയിനിംഗ് ഇൻസ്ട്രക്ടർ) | : | 12.11.07 to 11.11.08 |
| 3. | ശ്രീ.അരവിന്ദാക്ഷൻ.കെ.കെ (ട്രെയിനിംഗ് സൂപ്രണ്ട്) | : | 11.11.08 to 24.11.08 |
| 4. | ശ്രീമതി.ജലജ (ട്രെയിനിംഗ് സൂപ്രണ്ട്) | : | 24.11.08 to 15.01.09 |
| 5. | ശ്രീ.ബെൻസിലാൽ പി.വി (ട്രെയിനിംഗ് സൂപ്രണ്ട്) | : | 16.01.09 to 30.09.11 |
| 6. | ശ്രീമതി.ജലജ.ജി (ട്രെയിനിംഗ് സൂപ്രണ്ട്) | : | 01.10.11 മുതൽ തുടരുന്നു. |

### ആമുഖം

### മുൻ ആഡിറ്റ് സംബന്ധിച്ച്

### (A) വകുപ്പ് തല പരിശോധന

01.04.2000 മുതൽ 31.03.2007 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട്.

(B) **അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന**

01.09.97 മുതൽ 30.04.2002 വരെയുള്ള കാലയളവിലെ എ.ജിയുടെ പരിശോധനാ റിപ്പോർട്ടിന് മറുപടി നൽകി ഫയൽ തീർപ്പാക്കിയതായി കാണുന്നു.

സ്ഥാപനത്തിലെ 01.04.2007 മുതൽ 31.03.12 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**I ക്യാഷ്ബുക്ക്**

(a) പരിശോധനാ ദിവസം 200/- രൂപ പി.എ ഇനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു.

(b) 01.06.07 ൽ പി.ബി.നമ്പർ 159/07-08 പ്രകാരം 24536/- രൂപ തുക മാറുകയും അന്നേ ദിവസം ക്യാഷ്ബുക്കിൽ 34986/- രൂപ വരവ് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം തേർച്ച ചെയ്തതിൽ കൂടുതൽ തുക വരവ് രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(c) ബിൽബുക്കിൽ ക്രമനമ്പർ 78 ൽ പി.ബി.നമ്പർ.1583/ITC/Estt/2011-12 പ്രകാരം 45223/- രൂപ പാസ്സാക്കിയതായി ട്രഷറി ഓഫീസിൽ തീയതി വച്ച് initial ചാർത്തിയിട്ടില്ല. ക്യാഷ്ബുക്കിൽ വരവ് ചേർത്തതായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുകയുടെ വരവ് ചെലവ് വിവരം ലഭ്യമായിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

(d) ക്യാഷ്ബുക്കിലെ ഓരോ വരികളിലും രേഖപ്പെടുത്തലുകൾ വരുത്തണമെന്നും വരികൾ blank ആയി ഇടരുതെന്നും ഉള്ള നിർദ്ദേശം പാലിക്കാതെ 25.3.2010 മുതൽ 29.2.2012 വരെയുള്ള കാലയളവിലെ cash book (vol.5) സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ ക്യാഷ്ബുക്കിലെ പകുതിയിൽ കൂടുതൽ വരികളും രേഖപ്പെടുത്തലുകൾ വരുത്താതെ സൂക്ഷിച്ചതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(e) ക്യാഷ്ബുക്കിൽ റദ്ദാക്കലുകൾ വരുത്തിയിരിക്കുന്നു. egs: page.97, 80, 52 etc.

(II) **അക്വിറ്റൻസ് (എസ്റ്റ്ട്രാ സ്റ്റാഫ്)**

രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

(III) **അക്വിറ്റൻസ്(ഗസ്റ്റ് ഇൻസ്ട്രക്ടർ)**

രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

(IV) <u>പി.എ.രജിസ്റ്റർ</u>

പി.എ ഇനത്തിൽ 200/- രൂപ തുക മാറി ചെലവാക്കി വരുന്നു. പ്രസ്തുത തുക ഓഫീസ് ആവശ്യത്തിന് തീരെ അപര്യാപ്തമായതിനാൽ കുറഞ്ഞത് 2000/- രൂപയെങ്കിലും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്ഥാപനമേധാവി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(V) <u>പി.ഡി.അക്കൗണ്ട്</u>

697/1 നമ്പറായി സ്ഥാപനത്തിൽ പി.ഡി അക്കൗണ്ട് നിലവിലുണ്ട്. വർഷങ്ങളായി കുട്ടികൾ കൈപ്പറ്റാതെ നീക്കിയിരിപ്പായി അവശേഷിക്കുന്ന 700/-രൂപ ട്രഷറിയിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

(VI) <u>ചെല്ലാനുകൾ:-</u>

ചെല്ലാൻ രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

(VII) <u>ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ</u>

പരിശോധനാ ദിവസം 239/- രൂപയുടെ സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് നീക്കിയിരിപ്പുണ്ട്. ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(VIII) <u>ടൂൾസ് ആന്റ് പ്ലാന്റ് രജിസ്റ്റർ</u>

രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

(IX) <u>തടി വിതരണ രജിസ്റ്റർ</u>

രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

(X) <u>രജിസ്റ്റർ ഓഫ് ഇമ്മൂവബിൾ പ്രോപ്പർട്ടി</u>

രജിസ്റ്റർ ശരിയായി പരിപാലിക്കുന്നു

(XI) **അഡ്മിഷൻ രജിസ്റ്റർ**

രജിസ്റ്റർ ശരിയായി എഴുതി പരിപാലിച്ചു വരുന്നു. ഒരു വർഷം ദൈർഘ്യമുള്ള കാർപ്പെന്ററി കോഴ്സിനു അനുവദനീയമായ 21 സീറ്റുകളിൽ അഡ്മിഷൻ വർഷം തോറും നടത്തി വരുന്നു. കുറച്ചു വർഷങ്ങളായി പരിശീലനാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്നു.

(XII) **ഫർണിച്ചർ രജിസ്റ്റർ**

ശരിയായ രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നു. മറ്റ് പരാമർശമില്ല.

(XIII) **റ്റി.ആർ 5 രസീത്**

പുതിയ സർക്കാർ ഉത്തരവ് പ്രകാരം ഉള്ളതും Centralised numbering system രേഖപ്പെടുത്തിയതുമായ റ്റി.ആർ-5 രസീതുകൾ സ്ഥാപനത്തിൽ ഉപയോഗിച്ചു വരുന്നു. റ്റി.ആർ-5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(XIV) **ഹോസ്റ്റൽ സൗകര്യം സംബന്ധിച്ച്**

2010-11 വർഷം മുതൽ ഹോസ്റ്റൽ പ്രവേശനം ലഭിക്കാത്ത ട്രെയിനികൾക്ക് പ്രൈവറ്റ് ഹോസ്റ്റലിൽ താമസത്തിനും ഭക്ഷണത്തിനുമായി 1500/- രൂപ അനുവദിച്ചുവരുന്നു. ആഡിറ്റ് കാലയളവിലെ ആകെ 5 പേർ പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത പോസ്റ്റ്മെട്രിക് ഹോസ്റ്റലിനെ അന്തേവാസികൾക്ക് അനുവദിച്ച 2300/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(XV) **ടൂൾകിറ്റ് വിതരണം**

2011-12 വർഷം 17 പേർക്ക് 1250/- രൂപവീതം ചെലവുള്ള ടൂൾകിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(XVI) **ഐ.റ്റി.ഐ റീ വാമ്പിംഗ്**

മധുരവേലി ഐ.റ്റി.ഐ യിൽ റീ വാമ്പിംഗിന്റെ ഭാഗമായി 'Marine Engine Fitter'എന്ന ഏക വർഷ കോഴ്സിന് ശുപാർശ ചെയ്തിട്ടുണ്ട്. ഒരു കെട്ടിടത്തിൽ കാർപെന്ററി കോഴ്സ് നടന്നു വരുന്നതിനാൽ പുതിയ കെട്ടിടം പണിതാൽ മാത്രമേ പുതിയ കോഴ്സ് ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്ന് അറിയുന്നു.

## (XVII) കമ്പ്യൂട്ടർ പർച്ചേസ് സംബന്ധിച്ച്

ഐ.റ്റി.സി കളിൽ ഐ.റ്റി. ലിറ്ററസി കോഴ്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി സർവർ(1), കമ്പ്യൂട്ടർ(4), പ്രിന്റർ(1), സ്കാനർ (1)എന്നിവ ജി.ഒ(ആർ.റ്റി.നമ്പർ):45/2011/പജ പവ വിവ തീയതി:12.1.2011. പ്രകാരം അനുവദിച്ചിരുന്നു. ഇതിനായി ടെക്.1.20476/09 തീയതി 8/2/11 ഉത്തരവ് പുറപ്പെടുവിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസറെ ചുമതല പ്പെടുത്തി. അതനുസരിച്ച് റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ "മെസ്സേ ബയോൺ സിസ്റ്റംസ്, കോട്ടയം" എന്ന സ്ഥാപനത്തിൽ നിന്ന് പർച്ചേസ് നടത്തുകയും ടി ഉപകരണങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

## (XVIII)പ്ലേസ്മെന്റ് സംബന്ധിച്ച്

2007 മുതൽ 2012 വരെയുള്ള കാലയളവിൽ സ്ഥാപനത്തിൽ നിന്നും പരിശീലനം ലഭിച്ച് പുറത്തിറങ്ങിയവർക്ക് വിവിധ മേഖലകളിൽ പ്ലേസ്മെന്റ് ലഭിച്ചതു സംബന്ധിച്ച വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ആകെ പാസ്സായവർ | ഗവൺമെന്റ് | പബ്ലിക് സെക്ടർ | പ്രൈവറ്റ് സെക്ടർ | സ്വയം തൊഴിൽ | അപ്രന്റീസ് | ആകെ |
|---|---|---|---|---|---|---|---|
| 2007 | 10 | | | | 10 | | 10 |
| 2008 | 1 | | | | 1 | | 1 |
| 2009 | 3 | | | | 3 | | 3 |
| 2010 | 9 | | | 5 Techno interiors | 3 | 1 | 9 |
| 2011 | 10 | | | 5 Palson company | 5 | | 10 |
| 2012 | 4 | | | | 4 | | 4 |

(XIX)പഠന പുരോഗതി സംബന്ധിച്ച്

2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലെ പഠന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് പട്ടികയായി ചുവടെ ചേർക്കുന്നു.

| Strength | year | Numberof Training | Exam Attended | Pass Out | Remarks |
|---|---|---|---|---|---|
| 21 | 2007 | 9 | 6 | 1 | |
| 21 | 2008 | 6 | 6 | 3 | |
| 21 | 2009 | 11 | 11 | 9 | |
| 21 | 2010 | 16 | 13 | 10 | |
| 21 | 2011 | 12 | 11 | 3 | |
| 21 | 2012 | 15 | 12 | 4 | |

(XX)പൊതു അഭിപ്രായം

സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. പരിശീലനാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് 100/- രൂപ ഫീസിനത്തിൽ അനുവദിക്കുന്നു. എന്നാൽ മൂല്യനിർണ്ണയം നടത്തുന്നതിന് 75/- രൂപ കുട്ടികളിൽ നിന്നും ഇടാക്കുന്നതായി കാണുന്നു. ടി തുക കൂടി പരിശീലനാർത്ഥികൾക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ എ.സി.ഡി ഗസ്റ്റ്ലക്ചർക്ക് മണിക്കൂറിന് 175/- രൂപ നൽകി വരുന്നത് പ്രതിമാസം 10,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു. ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് മുഖാന്തിരം ലഭ്യമാക്കിയ 5 കമ്പ്യൂട്ടറുകൾ മതിയായ വയറിംഗ് ഇല്ലാത്ത കെട്ടിടത്തിൽ താല്കാലിക കണക്ഷനുകൾ നൽകി സ്ഥാപിച്ചിരിക്കുന്നു. ഉചിതമായ രീതിയിൽ വയറിംഗ് ചെയ്തു ടി കമ്പ്യൂട്ടറുകൾ കേടുപാടുകൾ സംഭവിക്കാതെ സൂക്ഷിക്കുവാൻ നടപടികൾ എടുക്കേണ്ടതാണ്.

**സീനിയർ ഫിനാൻസ് ഓഫീസർ**

**എ ആർ**



AS 16/12/16